# ഇല്ലാത്തവന്റെ ഇലക്കീറ്

ആറാട്ടുപുഴ ഹരിജൻ കോളനിയ്ക്ക് എതിരെ പ്രകാശന്റെ പലചരക്കു കടയുണ്ട്. പലചരക്കു കട എന്നു പറഞ്ഞെന്നേയുള്ളു. അവിടെ കിട്ടാത്തതൊന്നുമില്ല. പലചരക്കിനു പുറമേ പച്ചക്കറി, മാസികകൾ, അത്യാവശ്യം ഇംഗ്ലീഷ് മരുന്നുകൾ, ബേക്കറി സാധനങ്ങൾ, സ്റ്റേഷനറി. അധികം അകലെ പോവാതെത്തന്നെ ഒരു വിധം ആവശ്യമുള്ളതൊക്കെ കിട്ടുന്നതുകൊണ്ട് പ്രകാശന്റെ കടയിൽ എപ്പോഴും തിരക്കാണ്. നല്ല തിരക്കുള്ളപ്പോൾ പ്രകാശന്റെ ഭാര്യ ചന്ദ്രികയും സഹായിയ്ക്കാൻ നിൽക്കും.

ഇന്നലെ വൈകുന്നേരം ചെല്ലുമ്പോൾ, അത്ഭുതം, ആരുമില്ല. വേണ്ട സാധനങ്ങളൊക്കെ പറഞ്ഞ് നിൽക്കുമ്പോൾ കോളനിയിലെ താണി അടുത്തുവന്നു. എന്താ വേണ്ടത് എന്ന പ്രകാശന്റെ അന്വേഷണത്തിന് ഒന്നും വാങ്ങാൻ വന്നതല്ല, ഇതൊന്ന് മാറ്റിത്താ എന്നു പറഞ്ഞ് താണി അഞ്ഞൂററുറുപ്പികയുടെ ഒരു നോട്ട് പ്രകാശനു നേരെ നീട്ടി. ''പച്ചക്കറിയൊന്നും വാങ്ങീട്ട് കാര്യല്യ,'' എനിയ്ക്കു വേണ്ടി പ്രകാശൻ മാറ്റിവെച്ച പച്ചക്കറി കണ്ട് തന്നോടുതന്നെയെന്ന പോലെ താണി പറഞ്ഞു. ''മ്മടെ പിള്ളേർക്ക് ചിക്കനോ മട്ടണോ വേണം. അദ് വെച്ച് കൊടുത്താ അവറ്റോള് ഒര് വറ്റും ബാക്കി വെയ്ക്കാണ്ട് ചോറുണ്ടോളും.'' പിന്നെ എന്റെ മുഖത്തുനോക്കി താണി ചിരിച്ചു. ''ഞാൻ സ്വൽപം കഴിയ്ക്കണ ആളാ. ലേശം അകത്താക്യ സമേത്ത് സാമ്പാറും ചോറൊക്കെ കണ്ടാ ഇനിയ്ക്കും കലി കേറും. പിന്നെ കിണ്ണം കയ്യോണ്ട് ഒറ്റ തട്ടാ!''

ചില്ലറ വാങ്ങി ഇറങ്ങുമ്പോൾ താണി തുടർന്നു. ''അഹങ്കാരം പറയല്ല. പഴേ കാലൊന്നും മറന്നിട്ടൂല്യ. മാഷക്കറിയാലോ അന്നൊക്കെ കൊല്ലത്തിലൊരിയ്ക്കെ തിരോണത്ത്നാ വയറ് നെറച്ച് ചോറ് കിട്ട്വാ. അല്ലാച്ചാ വല്ല കല്യാണോം വരണം. ചോറിന് വേണ്ടി നിങ്ങടെ തറവാട്ടിലൊക്കെ പോയി കാത്ത് നിന്ന്ട്ട്ണ്ട് ഞാൻ.''

''അവൻ പറഞ്ഞദ് നേരാ,'' താണി നടന്നു മറഞ്ഞപ്പോൾ പ്രകാശൻ പറഞ്ഞു. ''ഇപ്പത്തെ കുട്ട്യോൾക്ക് ഒന്ന്ന്റേം വെല അറീല്യ. ഇന്റെ മോന്റെ ചെക്കന് ഇന്നലെ നേന്ത്രപ്പഴം പുഴുങ്ങീത് കൊടുത്തപ്പൊ അവനേയ്, ദാ, ഇങ്ങനെ തുപ്പ്വാ. ഒര് കാലത്ത് നമ്മള് എത്ര മോഹിച്ചേർന്ന സാതനാ. ഇനിയ്ക്ക് ദേഷ്യം വന്നു. എന്നാ ഇനി കൊടക്കണ്ടാന്ന് ഞാൻ പറഞ്ഞു.''

ശരിയാണ്. ഞങ്ങളുടെയൊക്കെ കുട്ടിക്കാലം ദാരിദ്ര്യത്തിന്റെയായിരുന്നു. ഉടുക്കാൻ മാത്രമല്ല ഉണ്ണാനും അധികമൊന്നുമില്ലാത്ത കാലമായിരുന്നു അത്. ഉണ്ണുമ്പോൾ അശ്രദ്ധ കൊണ്ട് നിലത്തു വീഴുന്ന ചോറു നോക്കി അമ്മ പറയാറുണ്ട്: ''ഒര് വറ്റ് പോലും കളേര്ത്. എത്ര ബുദ്ധിമുട്ടീട്ടാണെന്നോ ഓരോ വറ്റും ഇണ്ടാവണത്.'' നിലത്തു വീണ വറ്റ് കിണ്ണത്തിലേയ്ക്കു തന്നെ പെറുക്കിയിടാൻ അമ്മ ഞങ്ങളെ പഠിപ്പിച്ചു. അതുകൊണ്ട് ഒരു വറ്റു പോലും പാഴാക്കാതെ ഊണു കഴിയ്ക്കാൻ ഞങ്ങൾ ശ്രദ്ധിച്ചു.

വേണ്ടതിലധികം വിളമ്പാതിരിയ്ക്കാനും അമ്മ പഠിപ്പിച്ചു. ''ശേഷിച്ചിടരുത്'' എന്ന് ഇടയ്ക്കിടെ ഓർമ്മിപ്പിച്ചു. അതുകൊണ്ട് വേണ്ടതു മാത്രം എടുക്കാൻ ഞങ്ങൾ ശ്രദ്ധിച്ചു.

അറുപതുകളിലായിരുന്നു അത്. കേരളത്തിൽ സ്റ്റാറ്റ്യൂട്ടറി റേഷനിങ്ങ് നടപ്പാക്കിയത് അക്കാലത്താണ്. അരി ഓരോ വ്യക്തിയ്ക്കും ആറ് ഔൺസ് വീതം. ഗോതമ്പിന്റെ വിഹിതം കുറച്ചധികമുണ്ട്: പന്ത്രണ്ട് ഔൺസ്. എല്ലാം ഔൺസ് കണക്കായതിനാൽ ആർക്കും അത്ര പെട്ടെന്ന് അളവിനേക്കുറിച്ച് പിടികിട്ടിയില്ല. അക്കാലത്ത് ഒരു കാർട്ടൂൺ വന്നിരുന്നു. രണ്ട് ഔൺസ് ഗ്ലാസ്സുകൾ കയ്യിൽപ്പിടിച്ച് റേഷൻകടയിലേയ്ക്ക് ഓടുന്ന ഒരു വൃദ്ധന്റെ ചിത്രം. ഒപ്പം അയാളുടെ വാക്കുകളും: ''റേഷൻ ഷാപ്പില് അരീം ഗോതമ്പും കൊടുക്കുന്നുണ്ട് എന്നു കേട്ടു!'' മാതൃഭൂമി ആഴ്ചപ്പതിപ്പിൽ കെ. പി. തോമസ്സിന്റെ 'വീക്ഷണവിശേഷം' എന്ന കാർട്ടൂൺ പരമ്പരയിൽ വന്നതായിരുന്നു അത്.

എല്ലാം പുതുമയായിരുന്നു. കല്ലും നെല്ലും കരടും നിറഞ്ഞതാണ് അരി. മിനക്കെട്ടിരുന്ന് വൃത്തിയാക്കണം. അല്ലെങ്കിൽ പച്ചരി. ഒന്നു ശ്രദ്ധിച്ചില്ലെങ്കിൽ വെന്തുകുഴയും. അടുക്കളകൾക്ക് റേഷനരിയുടെ നാറ്റമായി. കേരളത്തിലെ വീട്ടമ്മമാർ ചപ്പാത്തിയുണ്ടാക്കാൻ പഠിച്ചത് അക്കാലത്താണ്. നിർമ്മാണരീതി വശമില്ലാത്തതുകൊണ്ട് രാത്രിഭക്ഷണം അന്ന് ഞങ്ങൾക്ക് ചപ്പാത്തിയോടുള്ള യുദ്ധമായിരുന്നു.

ഞങ്ങളുടെ സ്കൂളിലെ ഹിന്ദിമാഷ് വീട്ടിൽ വന്നപ്പോൾ അച്ഛനോടു പറഞ്ഞു: ''മാഷേ ഇക്കൊല്ലം പറമ്പിലെ തോലു വെട്ടാൻ കൊടുക്കണ്ടാന്നു തീരുമാനിച്ചു. എന്തൊക്കെയാ വെച്ചു തിന്നേണ്ടി വര്ാന്ന് നിശ്ചല്യലോ.'' ഹിന്ദിമാഷ് കുറേ പരീക്ഷണം നടത്തി

യെന്നു തോന്നുന്നു.  രണ്ടു മാസം കഴിഞ്ഞു വന്നപ്പോൾ പറഞ്ഞു: ''മാഷേ, പലതും വെച്ചു നോക്കി.  പക്ഷേ ഈ പുളീടെ എല കൊണ്ടു മാത്രം ഒന്നും ചെയ്യാൻ പറ്റിണ്ല്യ!''

യുദ്ധക്കെടുതികൾ അവശേഷിപ്പിച്ച ആ ദാരിദ്ര്യത്തിന്റെ കാലഘട്ടം അവസാനിയ്ക്കുന്നത് എൺപതുകളോടെയാണ്.  ഭക്ഷണസാധനങ്ങൾ മാത്രമല്ല കേരളത്തിൽ എല്ലാത്തരം ഉപഭോഗവസ്തുക്കളും വന്നു കുമിഞ്ഞു.  ഏതെങ്കിലും ഒരുൽപ്പന്നം വിജയിയ്ക്കുമോ എന്നറിയാനുള്ള പരീക്ഷണശാലയായി നമ്മുടെ നാട്.  കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ കേരളത്തിൽ അസംഖ്യം സൂപ്പർ മാർക്കറ്റുകൾ തുറന്നു.  അവയിൽ അതുവരെ കേൾക്കാത്തതും കാണാത്തതും അറിയാത്തതുമായ നൂറു കൂട്ടം ഉൽപ്പന്നങ്ങൾ നിരത്തിവെച്ചു.  ഉപയോഗം പോലുമറിയാത്തവയായിരുന്നു പലതും.

എന്നാലെന്ത്?  കയ്യെത്തിച്ച് എന്തും എടുക്കാമെന്നായപ്പോൾ നമ്മൾ എല്ലാം വാരിയെടുത്ത് കുട്ടയിലിടാൻ തുടങ്ങി.  വേണ്ടതെന്ത് വേണ്ടാത്തതെന്ത് എന്നു തിരിച്ചറിയാതായി. എത്ര വേണം എന്നുമറിയാതായി.  വേണ്ടതിലധികമായതൊക്കെ പുറത്തേയ്ക്ക് വലിച്ചെറിയണമെന്നുമായി.

സെപ്തംബർ 13-ലെ മാതൃഭൂമി പത്രത്തിൽ ഒരു വാർത്ത കണ്ടപ്പോഴാണ് ഇതെല്ലാം ഓർമ്മിയ്ക്കാനിടയായത്.  ലോകത്ത് ഉത്പാദിപ്പിയ്ക്കുന്ന ഭക്ഷ്യവസ്തുക്കളിൽ മൂന്നിലൊന്നും പാഴായിപ്പോവുകയാണത്രേ.  പ്രതിവർഷം 47 ലക്ഷം കോടി രൂപയുടെ ഭക്ഷ്യവസ്തുക്കളാണത്രേ ഇങ്ങനെ പാഴായിപ്പോവുന്നത്.  റോമിലെ ഫുഡ് ആൻഡ് അഗ്രിക്കൾച്ചറൽ ഓർഗനൈസേഷൻ പുറത്തിറക്കിയ റിപ്പോർട്ടിലാണ് ഈ വിവരം ഉള്ളത്.  പ്രതിവർഷം 130 കോടി ടൺ ഭക്ഷ്യവസ്തുക്കളാണത്രേ നമ്മൾ പാഴാക്കിക്കളയുന്നത്.

ഇതിൽ അത്ഭുതപ്പെടാനൊന്നുമില്ല എന്ന് ഇപ്പോൾ വഴിയുടെ ഇരുവശത്തും കുന്നുകൂടിക്കിടക്കുന്ന ഭക്ഷ്യമാലിന്യങ്ങൾ കാണുമ്പോൾ നമുക്കു ബോധ്യമാവും.  നമ്മൾ അകത്താക്കുന്നതിലും അധികമാണോ പുറത്തേയ്ക്ക് വലിച്ചെറിയുന്നത്? സംശയം തോന്നിത്തുടങ്ങിയിട്ടുണ്ട്.

അതേസമയം സമ്പന്നതയുടെ മറുവശത്ത് വേണ്ടത്ര ഭക്ഷണം കിട്ടാതെയും ചിലരുണ്ടെന്ന് നമ്മൾ മറന്നു തുടങ്ങിയിരിയ്ക്കുന്നു.  കഴിഞ്ഞ ആഴ്ച തൃശ്ശൂരിലെ കൊക്കാലയിൽ ബസ്സിറങ്ങി ശക്തൻ സ്റ്റാൻഡിലേയ്ക്കു നടക്കുകയായിരുന്നു. രാവിലെ പതിനൊന്നു കഴിഞ്ഞിരുന്നു.  വെയിലിന് നല്ല ചൂടുണ്ടായിരുന്നു.  ടി. ബി. റോഡിലൂടെ  തിരക്കിട്ട് നടക്കുന്നതിനിടയിൽ വഴിയോരത്തെ പൈപ്പിനരികിലേയ്ക്ക് ഒക്കത്ത് കുട്ടിയുമായി ഒരു മുഷിഞ്ഞ വേഷക്കാരി നീങ്ങുന്നതു കണ്ടു.  അവർക്കൊപ്പം കുറച്ചുകൂടി മുതിർന്ന മറ്റൊരു കുട്ടിയുമുണ്ടായിരുന്നു.  ടാപ്പിനരികെ കുന്തിച്ചിരുന്ന് വലതുകയ്യിൽ വെള്ളം കുമ്പിളാക്കിയെടുത്ത് ഒക്കത്തെ കുട്ടിയ്ക്ക് പകർന്നുകൊടുക്കുകയാണ് അമ്മ.  അവർക്കു പിന്നിൽ തന്റെ ഊഴം കാത്ത് മുഷിഞ്ഞ തലമുടിയുമായി രണ്ടാമത്തെ കുട്ടി നിന്നു.  തിരക്കിട്ടു നടക്കുന്നതിനിടയിൽ ഒരു നോക്കു മാത്രമേ കണ്ടുള്ളു.  അവരെ കടന്നു പോയപ്പോൾ ആലോചിച്ചു: വിശപ്പു തീർക്കാനാണോ അവർ വെള്ളം കുടിയ്ക്കുന്നത്?  രാവിലെ ഒന്നും കഴിച്ചിട്ടുണ്ടാവില്ലെന്നുണ്ടോ?  അവർക്ക് വീടുണ്ടാവുമോ?  കണ്ടാൽ തെരുവിൽ താമസിയ്ക്കുന്നവരേപ്പോലെയുണ്ട്.  ശോഷിച്ച കുട്ടികളും അവരേക്കാൾ ക്ഷീണിച്ച അമ്മയും.  അടങ്ങാത്ത വിശപ്പാവണം ഒരുപക്ഷേ ആ ചെറുപ്പക്കാരിയ്ക്ക് രണ്ടു കുട്ടികളെ സമ്മാനിച്ചത്.

ചിന്തിച്ചുകൊണ്ട് നടക്കുന്നതിനിടയിൽ അവരെ കടന്നുപോയി.  തിരിഞ്ഞു നോക്കിയപ്പോൾ അവർ വളരെ പിന്നിലായിക്കഴിഞ്ഞിരുന്നു. മടങ്ങിച്ചെന്ന് അവർക്ക് കുറച്ചു പണം കൊടുത്താലോ എന്ന് ഒരു നിമിഷം ചിന്തിച്ചു. അപ്പോഴും ഞാൻ നടത്തം തുടരുകയായിരുന്നു. ഒന്നുമുണ്ടായില്ല.  ഞാൻ ശക്തൻ സ്റ്റാൻഡിലെത്തി അടുത്ത ബസ്സിൽ കയറിയിരുന്നു.

ഭിക്ഷക്കാരെ പ്രോത്സാഹിപ്പിയ്ക്കാതിരിയ്ക്കുക എന്നത് കുറച്ചുകാലമായി തുടരുന്ന നയമാണ്.  അതുകൊണ്ട് ചെയ്തത് തെറ്റല്ല എന്ന് ഞാൻ സ്വയം ന്യായീകരിയ്ക്കാൻ ശ്രമിച്ചു.  അതേസമയം അവർ എന്നോട് ഭിക്ഷ യാചിച്ചില്ലല്ലോ എന്നും ഞാനോർത്തു. അറിഞ്ഞു കൊടുക്കുകയാണ് വേണ്ടിയിരുന്നത്.  അത്തരം ഒരു ഔചിത്യത്തിൽനിന്നാണ് ഞാൻ ഒഴിഞ്ഞുമാറിയത്.

ഞായറാഴ്ചയായിരുന്നു.  അത്യാവശ്യമായി കുറച്ചു പണി തീർക്കാൻ ജോലിസ്ഥലത്തേയ്ക്കുള്ള യാത്രയിലായിരുന്നു ഞാൻ.  പണിയ്ക്കിടയിൽ കൊറിയ്ക്കാൻ വേണ്ടി കൊക്കാലെയിലെ  ബേക്കറിയിൽനിന്ന് ചില പലഹാരങ്ങൾ വാങ്ങിയിരുന്നു.  അതിൽ ചിലതെങ്കിലും ആ കുട്ടികൾക്കു കൊടുക്കാമായിരുന്നു എന്ന് വീണ്ടും ഖേദിച്ചു.  വേണ്ടത് വേണ്ട സമയത്ത് തോന്നാത്തത് ഒരു ശാപമാണ്.

ബസ്സിറങ്ങി നടക്കുമ്പോൾ വീണ്ടും ആ അമ്മയേപ്പറ്റിത്തന്നെ ചിന്തിയ്ക്കാൻ തുടങ്ങി. ആ കുട്ടികൾക്ക് എന്തെങ്കിലും വാങ്ങിക്കൊടുക്കാൻ അവർ എന്താവും ചെയ്യുക? കയ്യിൽ പണമില്ലെങ്കിൽ ഹോട്ടലിലൊന്നും കയറാൻ കഴിയില്ല. ഹോട്ടലിന്റെ പിന്നിലെ എച്ചിലിലകൾ തേടിപ്പോവുന്നുണ്ടാവുമോ അവർ?

മുൻപു പറഞ്ഞ 'വീക്ഷണവിശേഷ'ത്തിന്റെ മറ്റൊരു ലക്കം ഓർമ്മ വരുന്നു: ഒരു ഹോട്ടലിന്റെ പിൻഭാഗം. എച്ചിലകൾ നിക്ഷേപിയ്ക്കുന്ന വലിയ ഒരു കോൺക്രീറ്റ് വീപ്പയുടെ സമീപം കീറിപ്പറിഞ്ഞ വേഷത്തോടെ രണ്ടു തെരുവുതെണ്ടികൾ നിൽക്കുന്നു. ഒരാൾ അതിൽനിന്ന് ഇലകൾ വലിച്ചു പുറത്തിട്ട് എച്ചിൽ തിന്നുകയാണ്. രണ്ടാമൻ അവിടം വിട്ടുപോവുകയാണ്. അയാൾ പറയുന്നു: ''മട്ടൺകറിയിൽ ബീഫുണ്ടോ എന്നു സംശയം. എന്തായാലും മതം വിട്ടു കളിയ്ക്കാൻ വയ്യ. ഞാൻ ഹോട്ടൽ മെറിഡിയനിലേയ്ക്കു പോവുകയാണ്.''

ഇന്ന് ഹോട്ടലുകളുടെ പിൻവശത്ത് ഇങ്ങനെയുള്ള കോൺക്രീറ്റ് വീപ്പകൾ ഉണ്ടോ എന്നറിയില്ല. ഉണ്ടാവാൻ വഴിയില്ല. പൊതുജനാരോഗ്യം മുൻനിർത്തി എച്ചിലുകൾ നിക്ഷേപിയ്ക്കാൻ അടച്ചുറപ്പുള്ള എന്തെങ്കിലും സംവിധാനങ്ങൾ ഉണ്ടായിരിയ്ക്കണം. ഇനി അഥവാ അത്തരം വീപ്പകൾ ഉണ്ടെങ്കിൽത്തന്നെ പട്ടികളോടും പൂച്ചകളോടും മത്സരിയ്ക്കാൻ തെരുവുതെണ്ടികൾ അവിടെയെത്താറില്ല എന്നു വിശ്വസിയ്ക്കണം. കേരളത്തിൽ ഇന്ന് പട്ടിണിക്കാരില്ലെന്നാണല്ലോ ചൊല്ല്. അത് ശരിയാണെന്നു തോന്നുന്നില്ല. എന്നാലും അര നൂറ്റാണ്ടു മുമ്പത്തേപ്പോലെയുള്ള തെരുവുതെണ്ടികളെ ഇന്ന് കണ്ടുവെന്നു വരില്ല.

വലിയ ഹോട്ടലുകളിലെ വേണ്ടതിലധികം തീറ്റപ്പണ്ടങ്ങൾ നിരത്തിയ മേശയ്ക്കു മുന്നിലിരിയ്ക്കുമ്പോൾ പുറത്ത് ഉണ്ടാവാനിടയുള്ള ആ കോൺക്രീറ്റ് വീപ്പ എന്നും എന്റെ ഓർമ്മയിൽ വരാറുണ്ട്. ബാംഗളൂരിലെ ഒരു മുന്തിയ ഹോട്ടലിൽ ഭക്ഷണം കഴിയ്ക്കാൻ പോയിരുന്നു ഒരിയ്ക്കൽ. ഹോട്ടലിന്റെ നിലം മണൽ വിരിച്ചതായിരുന്നു. അന്തരീക്ഷം പ്രാകൃതമാക്കാൻ വേണ്ടി വളരെ ശ്രദ്ധിച്ചാണ് ഇന്റീരിയർ ചെയ്തിരിയ്ക്കുന്നത്. എല്ലാം ഇപ്പോൾ ഇടിഞ്ഞുപൊളിഞ്ഞു വീഴും എന്ന് തോന്നിപ്പിച്ചു. ചുമരിൽ മാറാല പോലും കൃത്രിമമായി ഉണ്ടാക്കിയിരുന്നു. ഭക്ഷണത്തിന് പതിനായിരത്തോളം ഉറുപ്പികയായി. പാവപ്പെട്ട ഒരു കുടുംബത്തിന് രണ്ടു മാസത്തേയ്ക്കു കഴിച്ചു കൂട്ടാനുള്ള തുക. രണ്ടു മണിക്കൂറിനുള്ളിൽ ഏഴു പേർ ചേർന്നാണ് അതു തിന്നു തീർത്തത്.

അതു പോരാഞ്ഞാണ് വൈറ്റ് ഫീൽഡിലുള്ള ഒരു ബേക്കറിയ്ക്കു മുന്നിൽ വാഹനം നിർത്തിയത്. അവിടെ പലതരം വിശേഷപ്പെട്ട ശീതളപാനീയങ്ങൾ കിട്ടുമത്രേ. വലിയ തിരക്കുണ്ടായിരുന്നു അവിടേയും. അതിനിടെ കുറച്ചു മുമ്പു കണ്ട പോലത്തെ ഒരു ചെറുപ്പക്കാരി ഒക്കത്ത് ഒരു കുട്ടിയേയുമെടുത്ത് ബേക്കറിയിൽ കയറി വന്നു. കൗണ്ടറിൽ വെച്ചിട്ടുള്ള ജഗ്ഗിൽനിന്ന് സ്വാതന്ത്ര്യത്തോടെ വെള്ളമെടുത്തു കുടിച്ച് ഇറങ്ങിപ്പോയി. അത്തരത്തിലുള്ളവർക്കു വേണ്ടി കരുതിവെച്ചതാണ് ആ ജഗ്ഗിലെ വെള്ളം എന്നു തോന്നുന്നു. ഞങ്ങൾ പിന്നേയും ശീതളപാനീയം കാത്തുനിന്നു.

എവിടെയൊക്കെയാണ് നമ്മുടെ മുൻഗണനകൾ തെറ്റിപ്പോവുന്നത്? നമ്മുടെ ലോകം നമ്മുടെ വീടു മാത്രമായി ചുരുങ്ങിപ്പോവുകയാണോ? എവിടെയൊക്കെയാണ് നമ്മുടെ ധർമ്മബോധം പാളിപ്പോവുന്നത്?

ഒപ്പം പണിയെടുക്കാനുള്ളവരൊക്കെ എത്തിക്കഴിഞ്ഞിരുന്നു. ഞായറാഴ്ചകൾ പണിയെടുക്കാൻ പറ്റിയ ദിവസമാണ്. ഫോൺവിളിയോ മറ്റ് ശല്യങ്ങളോ ഇല്ലാത്തതുകൊണ്ട് പണി പെട്ടെന്നു തീർക്കാൻ കഴിയും.

ആഘോഷത്തിന്റെ അന്തരീക്ഷമായിരുന്നു ആപ്പീസിൽ. പണിയ്ക്കിടയിൽ ഒരു സഹപ്രവർത്തക പലഹാരക്കൂടുകൾ തുറന്ന് വിതരണം തുടങ്ങി. ''വേണ്ട,'' എന്റെ അടുത്തെത്തിയപ്പോൾ ഞാൻ പറഞ്ഞു.

എനിയ്ക്കപ്പോൾ ഒട്ടും വിശപ്പു തോന്നിയിരുന്നില്ല.

(ദേശാഭിമാനി വാരിക, 13-10-2013)